# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ. എസ്.എ. ടി. എസ്.ആർ (പി4)1760/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്.എ. ടി. എസ്.ആർ (പി4)1760/2023 തീയ്യതി: 30/10/2023

## തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-10-2022 മുതൽ 03-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2023 | 13-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-09-2023 | 13-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ. പി.എ.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീ.നിർമ്മൽ.കെ.ജി,ഓഡിറ്റ് ഓഫീസർ

ശ്രീമതി.സുമിത.ടി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.നിലൂഫർ.ബി.ഐ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി പ്രിൻസി ഫ്രാൻസിസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഗ്രേസി.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 10-04-2022 |
| ശ്രീ.സീജോ കരേടൻ | സെക്രട്ടറി | 11-04-2022 | 15-11-2022 |
| ശ്രീമതി ഗ്രേസി.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-11-2022 | 01-12-2022 |
| ശ്രീ.സീജോ കരേടൻ | സെക്രട്ടറി | 02-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി നിലൂഫർ.എം.ബാനു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ അഭിലാഷ്.പി.എസ്. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ദീപ്തി രാജു. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.രേഖ.എൻ.എസ്. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി .നീതുവർഗ്ഗീസ്.വി | കൃഷി ഓഫീസർ (എംപ്ലോയ്മെന്റ് നിയമനം) | 01-04-2022 | 23-07-2022 |
| ശ്രീമതി ടീന സീമേതി | കൃഷി ഓഫീസർ(ഇൻ ചാർജ്ജ്) | 24-07-2022 | 05-08-2022 |
| ശ്രീമതി.ഡോണ സ്കറിയ | കൃഷി ഓഫീസർ | 06-08-2022 | 10-08-2022 |
| ശ്രീമതി ടീന സീമേതി | കൃഷി ഓഫീസർ(ഇൻ ചാർജ്ജ്) | 11-08-2022 | 31-08-2022 |
| ശ്രീമതി.ഡോണ സ്കറിയ | കൃഷി ഓഫീസർ | 01-09-2022 | 31-03-2023 |
| ശ്രീ സലീഷ്.സി.കെ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,വൈന്തലസർക്കിൾ | 01-04-2022 | 01-04-2022 |
| ശ്രീമതി .രാഗി ഏണസ്റ്റ് | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,വൈന്തലസർക്കിൾ | 02-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ സലീഷ്.സി.കെ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,കാട്ടുകുറ്റി സർക്കിൾ | 01-04-2022 | 28-12-2022 |
| ശ്രീമതി .രജില.പി.ആർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,കാട്ടുകുറ്റി സർക്കിൾ | 29-12-2022 | 31-03-2023 |
| ശ്രീമതി ഗ്രേസി.കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി സുഷമ.സി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.വിമക്സൻ.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 30-06-2022 |
| ശ്രീ.ആൽവിൻ.പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്ക് പാസ് ബുക്ക് ഹാജരാക്കിയില്ല | 1-1-3 |
| 5 | ആസ്തിയിൽ ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കുടിശ്ശികറെസിഡൻഷ്യൽ-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | കുടിശ്ശിക നോൺ റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ലൈബ്രറി സെസ്സ് -വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | വസ്തുനികുതി മുൻകൂർ രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല. | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-11 |
| 13 | വസ്തുനികുതി ഡിമാന്റ് എൻട്രി ഒരു തവണ മാത്രം | 1-1-12 |
| 14 | വാടക ഡിമാന്റ് എൻട്രി ഒറ്റത്തവണ മാത്രം. | 1-1-13 |
| 15 | ജേണൽ എൻട്രികൾക്ക് വൗച്ചർ സൂക്ഷിക്കുന്നില്ല. | 1-1-14 |
| 16 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-1-15 |
| 17 | ILGMS ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. | 1-1-16 |
| 18 | തൊഴിലുറപ്പ് പദ്ധതി ആകെ വരുമാനത്തിൽ പലിശ ഉൾപ്പെടുത്തിയില്ല. | 1-1-17 |
| 19 | Capital Work In Progress പാർട്ട് ബിൽ തുക ചേർത്തിട്ടില്ല. | 1-1-18 |
| 20 | " Capital Contribution" കഴിഞ്ഞ വർഷത്തെ തുക തന്നെ രേഖപ്പെടുത്തി. | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | ഫണ്ട് വിനിയോഗം | 1-3 |
| 23 | പദ്ധതി അവലോകനം | 1-4 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 25 | ക്ഷേമപദ്ധതികൾ | 1-6 |
| 26 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |

| | | |
|---|---|---|
| 27 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 28 | തനത് വരുമാനം അവലോകനം | 1-9 |
| 29 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. | 1-10 |
| 30 | സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. | 1-11 |
| 31 | അഭിഭാഷകർ, വാഹന ഉടമകൾ,റേഷൻ വ്യാപാരികൾ തൊഴിൽ നികുതി അടവാക്കേണ്ടതാണ് | 1-12 |
| 32 | കെട്ടിടം ക്രമവൽക്കരണ അപേക്ഷ തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-13 |
| 33 | പെർമ്മിറ്റ് റദ്ദ ചെയ്തത്-തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-14 |
| 34 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-15 |
| 35 | ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-16 |
| 36 | വരവ് തുകകൾ വിനിയോഗിച്ചിട്ടില്ല | 1-17 |
| 37 | ആശുപത്രി മാനേജിങ്ങ് കമ്മിറ്റി കണക്കുകൾ ഹാജരാക്കിയിട്ടില്ല. | 1-18 |
| 38 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-19 |
| 39 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-20 |
| 40 | വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-21 |
| 41 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-22 |
| 42 | ലൈഫ് മിഷൻ വായ്പ -ആകെ ലഭ്യമായ തുകയേക്കാൾ 187014/-രൂപ അധികമായി തിരിച്ചടച്ചു | 1-23 |
| 43 | ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ സ്വത്തുക്കളുടെയും ആധാരങ്ങൾ ലഭ്യമല്ല | 1-24 |
| 44 | കേടുവന്ന ഫർണീച്ചറുകളും വൈദ്യുത ഉപകരണങ്ങളും ലേലം ചെയ്യേണ്ടതാണ് | 1-25 |
| 45 | ജലജീവൻ മിഷന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി റോഡുകൾ പൊളിച്ചത്-റെസ്റ്റോറേഷൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-26 |
| 46 | ഭവനനിർമാണത്തിന് സൗജന്യമായി സ്ഥലം വിട്ടുനൽകൽ-തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-27 |
| 47 | അൺഫിറ്റ് ആയ അങ്കണവാടികൾ-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-28 |
| 48 | വൈന്തല സാംസ്കാരികനിലയം -അപര്യാപ്തതകൾ പരിഹരിക്കേണ്ടതാണ് | 1-29 |
| 49 | കുട്ടൻകുളം ( മുട്ടത്തേരിക്കുളം) -സ്വന്തമായി വഴിക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-30 |
| 50 | 24ാം നമ്പർ അങ്കണവാടി -വൈദ്യുതി ലഭ്യമാക്കാൻ നടപടികൾ ത്വരിതമാക്കേണ്ടതാണ് | 1-31 |
| 51 | എം. സി. എഫ്. സെന്റർ-വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-32 |
| 52 | ക്യൂബ് ടെസ്റ്റ്-ഗുണനിലവാരപരിശോധന നടത്തിയിട്ടില്ല | 1-33 |

| | | |
|---|---|---|
| 53 | പി. എച്ച്. സി. മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രൊജക്റ്റ്-മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-34 |
| 54 | തൊഴിലുറപ്പുപദ്ധതി-ക്വാറി മക്ക്, സിമന്റ് നിരക്കുകളിൽ ഗണ്യമായ വർധന | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.07.2023 തീയതിയിലെ 2(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 30.10.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4857508.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6284601.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ബാങ്ക് പാസ് ബുക്ക് ഹാജരാക്കിയില്ല

SBI A/c No.67060625673 ന്റെ (സാക്ഷരത) റികൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടുണ്ട് എന്നാൽ ഈ ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-4 ആസ്തിയിൽ ഉൾപ്പെടുത്തിയില്ല

താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ പ്രവൃത്തികളുടെ ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ തത്തുല്യ തുകകളുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാതെ പോകാൻ ഇടയാക്കി. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ നമ്പർ/പേര് | നൽകിയ തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|
| 1 | ക്യാന്റീൻ ഫർണ്ണിച്ചർ | 200000 | 250200001 -Self Empoyment And Marketing Promotiion |
| 2 | 207 Purchasing Of Furniture To Kudumbasree Helpdesk | 46,227 | 250200001 Self Employment And Marketting Promotion |
| 3 | 225 Purchase Of Utensils For Anganwadies | 169,200 | 251170104 -Anganwadi Related Services |

## 1-1-5 വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2927171 | 2911919 | 17232 | 2246 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2927171 | 2902350 | 17232 | 2246 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | 2359x100/105=2247 ചെറിയ തുക വ്യത്യാസം ആയതിനാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുക എടുക്കുന്നു. |

1.കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-6 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2547864 | 2503692 | 0 | 51522 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2547864 | 2502698 | 3229 | 51522 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | 54102x100/105=51525, ചെറിയ തുക വ്യത്യാസം ആയതിനാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുക എടുക്കുന്നു. |

1.കളക്ഷൻ തുക, മുൻകൂർ ക്രമീകരിച്ച തുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

## 1-1-7 കുടിശ്ശികറെസിഡൻഷ്യൽ-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8255 | 1602 | 6656 |
| വാർഷികകണക്കിലെ | 6659 | 1601 | 6656 |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(874+6118=6992/105*100=6659) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | 6992x100/105=6659 ചെറിയ വ്യത്യാസം |

## 1-1-8 കുടിശ്ശിക നോൺ റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 258621 | 64046 | 194576 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 279198 | 66641 | 194576 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(47145+246013=293158/105*100=279198) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 204331x100/105= 194600 As Per B 15 ചെറിയ തുക വ്യത്യാസം സഞ്ചയയിലെ തുക എടുക്കുന്നു |

1.ഡിമാന്റ്, കളക്ഷൻ തുകകൾ എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുകസഞ്ചയസോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-9 ലൈബ്രറി സെസ്സ് -വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 275015 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 277262 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല മറിച്ച് 303114 രൂപയാണ്.(ജേണൽ വൗച്ചർനം.42201411/ 31-03-2023& ജേണൽ വൗച്ചർ നം. 42201414/31-03-2023)

## 1-1-10 വസ്തുനികുതി മുൻകൂർ രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 3380 | 672852 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 4842 | 271190 |

1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-12 വസ്തുനികുതി ഡിമാന്റ് എൻട്രി ഒരു തവണ മാത്രം

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തില് കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിൽ 131 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. കൂടാതെ 31.3.2023 ൽ ഡിമാന്റ് കുറവ് ചെയ്തിട്ടുണ്ട് ഈ ഡിമാന്റ് എൻട്രികൾക്കും കുറവ് ചെയ്ത എൻട്രികൾക്കും സാധൂത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-13 വാടക ഡിമാന്റ് എൻട്രി ഒറ്റത്തവണ മാത്രം.

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ

അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (22 കെട്ടിടങ്ങൾ) | 130100101-Rent From Building | 377,865.00 | 09-03-2023 | J 42200988 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-14 ജേണൽ എൻട്രികൾക്ക് വൗച്ചർ സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-15 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

2. വാടക ഡിമാന്റ് രജിസ്റ്റർ

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4. ഡോഗ് &പിഗ് ലൈസൻസ് രജിസ്റ്റർ

5. പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ

## 1-1-16 ILGMS ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1-1-16-1) 1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു.ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1-1-16-2) Opening Balance Sheet

31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

## 1-1-17 തൊഴിലുറപ്പ് പദ്ധതി ആകെ വരുമാനത്തിൽ പലിശ ഉൾപ്പെടുത്തിയില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ I -6 പ്രകാരമുള്ള ആകെ വരുമാനത്തിൽ പലിശ 470 രൂപ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-18 Capital Work In Progress പാർട്ട് ബിൽ തുക ചേർത്തിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/23വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2023 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 497314 രൂപയാണ്. എന്നാൽ 31/3/2023 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0 രൂപയാണ്.

## 1-1-19 " Capital Contribution” കഴിഞ്ഞ വർഷത്തെ തുക തന്നെ രേഖപ്പെടുത്തി.

31/3/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,<br>കമ്മിറ്റി തീരുമാനം | 25-03-2022 1(1) | |
| പ്രതീക്ഷിത വരവ്,<br>ചെലവ് എന്നിവ | വരവ് | ചെലവ് |
| | 279971075/- | 275193135/- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ<br>തീയതി,<br>കമ്മിറ്റി തീരുമാനം | 21-02-2023 (1) | |
| പ്രതീക്ഷിത വരവ്,<br>ചെലവ് എന്നിവ | വരവ് | ചെലവ് |
| | 342881744/- | 373734329/- |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 25053000.00 | 25053000.00 | 21016489.00 | 4036511.00 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7449000.00 | 7449000.00 | 6471634.00 | 977366.00 |
| മെയിന്റനൻസ്, റോഡ് | 0 | 9163000.00 | 9163000.00 | 4861475.00 | 4301525.00 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4570000.00 | 4570000.00 | 4570000.00 | 0.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബാങ്ക് (ടൈഡ്) | 1217236.00 | 4141000.00 | 5358236.00 | 1922468.00 | 3435768.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ട്രഷറി(ടൈഡ്) | 0 | 2846482 | 2846482 | 2445932 | 400550 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബാങ്ക് (അൺടൈഡ് ബേസിക് ഗ്രാന്റ്) | 77226.00 | 2948027.00 | 3025253.00 | 1594092.00 | 1431161.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ട്രഷറി (അൺടൈഡ് ബേസിക് ഗ്രാന്റ്) | 0 | 21548 | 21548 | 0 | 21548 |
| അങ്കണവാടി പോഷകാഹാരം | 390435.00 | 948438.00 | 1338873.00 | 300928.00 | 1037945.00 |
| വിമുക്തി ഗ്രാന്റ് | 22500.00 | 0.00 | 22500.00 | 1000.00 | 21500.00 |
| ടോട്ടൽ സാനിറ്റേഷൻ | 1330511.00 | 0.00 | 1330511.00 | 0.00 | 1330511.00 |
| NRHM | 0.00 | 450000.00 | 450000.00 | 0.00 | 450000.00 |
| സാക്ഷരത | 2950.00 | 0.00 | 2950.00 | 0.00 | 2950.00 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) | 0.00 | 268341.00 | 268341.00 | 204226.00 | 64115.00 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് (Wellness Centre) | 0.00 | 136927.00 | 136927.00 | 35840.00 | 101087.00 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 100000.00 | 748511.00 | 848511.00 | 500000.00 | *348511.00 |
| ശുചിത്വ മിഷൻ | 1088.00 | 0 | 1088.00 | 0 | 1088.00 |
| പട്ടികജാതി വകുപ്പ് ശ്മശാന നിർമ്മാണം ഫണ്ട് | 75245 | 0 | 75245 | 0 | 75245 |

*ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 ൽ 351,113 രൂപയാണ് ബാലൻസ് ആയതിൽ 2602 രൂപ കില ഫണ്ടും ഉൾപ്പെട്ടിട്ടുണ്ട്.

1)വികസന ഫണ്ട്-ജനറൽ ,എസ്.സി.പി എന്നിവയുടെ വരവ് തുകയിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deduction തുക ഉൾപ്പെടുത്തിയിട്ടില്ല.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. മേൽഅപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്കുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 205 | 95474244 | 144 | 50958590 | 53.37 | 70.24 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 998640 | 998640 | 998170 | 470 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13026367 | 13026367 | 13026367 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 5834408* | 5834408 | 5834408 | 0 |
| ആകെ | 0 | **19859415 | 19859415 | 19858945 | 470 |

*ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ 2358690.00 ഉൾപ്പെടെ

**I-6 ലെ വരവിൽ പലിശ 470 രൂപ ഉൾപ്പെട്ടിട്ടില്ല.

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 272 | 3487200 |
| വിധവാപെൻഷൻ | 920 | 10149200 |
| വാർദ്ധക്യകാലപെൻഷൻ | 2805 | 29840600 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 330 | 3564800 |
| അവിവാഹിത പെൻഷൻ | 59 | 656000 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 2 | 60000 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-09-2023 തീയതിയിൽ 3:15 PM ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18870/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

വാർഷിക കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കുന്നതിൽ ക്രിയാത്മകമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം യഥാസമയം ലഭ്യമാകുന്നതിന് സന്ദർഭോചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമാണചട്ടങ്ങൾ പാലിക്കുന്നതിന് വേണ്ടുന്ന രേഖകൾ യഥാസമയം ബന്ധപ്പെട്ട കക്ഷികളിൽനിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-9 തനത് വരുമാനം അവലോകനം

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല.
ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുള്ളതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.
നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. മാസംതോറും ഉള്ള വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിൽ ചർച്ചചെയ്ത് അംഗീകരിച്ചുവരുന്നുണ്ട്.

വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന താഴെ കൊടുക്കുന്ന തീരുമാനങ്ങൾ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി എടുത്തിട്ടുണ്ട്.

1) 29.4.2022 ലെ തീരുമാനം (1) പ്രകാരം വസ്തു നികുതി ഇല്ലാത്ത കെട്ടിടങ്ങൾ പുതുക്കി പണിതതും വസ്തു നികുതി ഉള്ള കെട്ടിങ്ങളിൽ കൂട്ടിചേർക്കൽ വരുത്തിയതും പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതിനായി കെട്ടിടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാൻ വാർഡ് ക്ലർക്ക് മാരെ ചുമതലപ്പെടുത്തി തീരുമാനിച്ചു

2) 27.7.2022 ലെ തീരുമാനം 2 പ്രകാരം അനധികൃത നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതിനായി കെട്ടിടങ്ങൾക്ക് നോട്ടീസ് നൽകാൻ തീരുമാനിച്ചു.

3) 28.10.2022 ലെ തീരുമാനം 1 പ്രകാരം കാട്ടുകുറ്റി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മൈക്രോപ്ലാൻ രൂപീകരിച്ചു.

കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് പ്രകാരം നികുതി നികുതിയേതര വരുമാനങ്ങളിൽ കുടിശ്ശിക ഇല്ല. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഡിസംബർ 2022 ൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും 500553 രൂപ ക്യാമ്പ് കളക്ഷനായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്ററുകളും വാർഷികകണക്കുകളും പ്രകാരം 100 % കളക്ഷൻ നടത്തിയിട്ടുണ്ട്. (റവന്യൂ റിക്കവറി സ്വീകരിച്ചത് ഉൾപ്പെടെ) കഴിഞ്ഞ അഞ്ചുവർഷമായി നികുതി കുടിശ്ശിക ഇല്ലാത്തതിനാൽ കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. റവന്യൂ റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 ലെ ഡിമാന്റ് | 2022-23 ബജറ്റ് പ്രകാരം | 2022-23 ലെ ഡിമാന്റ് | ഡിമാന്റിലുള്ള വർദ്ധനവ് ( % ) |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 2855387 | 65,00,000 | 2927171 | 2.51% |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 2389358 | | 2547864 | 6.22% 131 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ്സ് ചെയ്തു |
| തൊഴിൽ നികുതി-ട്രേഡേഴ്സ് | 408810 | 24,00,000 | 4,17510 | 2.08% |
| തൊഴിൽ നികുതി - ജീവനക്കാർ | 1287920 | | 1431530 | 10.03% |
| കെട്ടിട വാടക | 163537 | 6,00,000 | 377865 | 56.72% |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും ,കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതരവരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോയെന്ന പരിശോധന സ്ഥാപനത്തിനോ ഓഡിറ്റിനോ കഴിയുന്നില്ല.

2. വസ്തുനികുതി

01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ അംഗീകരിച്ച നടപ്പിലാക്കിയിട്ടില്ല. പുതിയ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തുനിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച വരുന്നു. ആയതിനാൽ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് , ഇളവ് എന്നിവ ക്രമപ്രകാരമാണോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല.

3.സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുന്നതിനും പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

4.തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, (അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത്

പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ മാസ്റ്റർ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. എന്നാൽ നികുതി അടവാക്കിയവരുടെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ മേൽ പ്രകാരം വർഗീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്.

5.വിനോദനികുതി

വിനോദനികുതി ചുമത്താവുന്ന പ്രവർത്തനങ്ങൾ/സ്ഥാപനങ്ങൾ നിലവിൽ പഞ്ചായത്തിൽ ഇല്ല.

6.വാടക

വാടകയ്ക്ക് നല്കുന്ന കെട്ടിടങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ പഞ്ചായത്തിൽ ഉണ്ടെന്നിരിക്കെ ബജറ്റ് പ്രകാരം വാടകയിനത്തിലെ പ്രതീക്ഷിതവരവ് യഥാർത്ഥവരവുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

ശുപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

പഞ്ചായത്ത് പരിധിയിൽ ഉള്ള ആറങ്ങാലിക്കടവ് വിനോദ സഞ്ചാരകേന്ദ്രമായി വികസിപ്പിക്കുന്നതിന്, 2022-23 ൽ പദ്ധതി നമ്പർ 162 ആയി "ഡെസ്റ്റിനേഷൻ ചലഞ്ച് വിസിറ്റ് ആറങ്ങാലി" എന്ന പ്രൊജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. തൈക്കൂട്ടം തൂക്കുപാലം വൈദ്യുതീകരിക്കുന്നതിന് നിറ്റ ജലാറ്റിൻ കമ്പനിയുടെ സി എസ് ആർ ഫണ്ട് ആവശ്യപ്പെടാൻ കമ്മറ്റി തീരുമാനിച്ചിരുന്നു.ആയതിലും തുടർ നടപടി ഇല്ല. ആറങ്ങാലി കടവ്, തൈക്കൂട്ടം തൂക്കുപാലം എന്നിവയെ വിനോദ സഞ്ചാര മേഖലകളാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പാക്കാവുന്നതാണ്.

## 1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

2021-22 ലേയും 2022-23 ലേയും ട്രേഡേഴ്സ് ലിസ്റ്റും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ, ചില സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | ആവശ്യം | വാർഡ്നം. |
|---|---|---|---|
| 1. | സൈമൺ കരേയ, പാതിരിപ്പറമ്പിൽ | പലചരക്ക് കട | 2 |
| 2. | ബൈജു ഡിസിൽവ ചെട്ടിവളപ്പിൽ | കാറ്ററിങ്ങ് സർവ്വീസ് | 2 |
| 3. | ഷേർളി പിൻഹീറോ ചീനിക്കാപ്പറമ്പിൽ | ഹരിത ഫാർമസ്യൂട്ടിക്കൽ | 2 |
| 4. | മിനി .കെ.കെ, പുത്തൻ വീട്ടിൽ | ഫ്രൂട്ട്സ്, കൂൾഡ്രിങ്ങ്സ് | 2 |

| | | | |
|---|---|---|---|
| 5. | ടോണി, കുരിശ്ശിങ്കൽ വീട് | മൊബൈൽ ഷോപ്പ് | 2 |
| 6. | ലില്ലി ജോസ്, തേലേക്കാട്ട് വീട് | ചായകട | 2 |
| 7. | ദീപ ഷൈൻ, തടത്തിൽ | നൂൽ വൈൻഡിങ്ങ് | 2 |
| 8. | സുകുമാരൻ, എം.വി, മക്കാട്ടി | ചായ, കാപ്പി കട | 3 |
| 9. | അലക്സാണ്ടർ റോഡ്റിഗസ്, പടിക്കപ്പറമ്പിൽ | പലചരക്ക് | 3 |
| 10. | ജെയ്സൺ ചാക്കോ, ചേർപ്പനത്ത് | ബ്യൂട്ടി പാർലർ, ടൈലറിംഗ് | 3 |
| 11. | ഫ്രാൻസി ഡി സിൽവ, ചെട്ടിവളപ്പിൽ | വെൽഡിങ്ങ് വർക്ക്ഷോപ്പ് | 4 |
| 12. | കലേഷ്, തടത്തിൽ | സ്പെയർപ്പാർട്ട്സ് വിൽപ്പന | 4 |
| 13. | കാർലീന സിമേതി, മല്ലമായിപ്പറമ്പിൽ | അരിപ്പൊടി,ഗോതമ്പ്പ്പൊടി | 5 |
| 14. | അനൂപ് വർഗ്ഗീസ്, കല്ലറക്കൽ | മൊബൈൽ ഷോപ്പ് | 5 |
| 15. | നസീർ പുളിക്കൽ | പ്ലാസ്റ്റിക്ക് ചാക്ക് സ്റ്റിച്ചിങ്ങ് | 5 |
| 16. | സിന്റോ കെ.പി | ഫർണീച്ചർ നിർമ്മാണം | 5 |
| 17. | സലീന ഡേവിസ്, തെലേക്കാട്ട് | സിമന്റ് നിർമ്മാണം | 6 |
| 18. | തോമസ്, പൈനേടത്ത് | ആയുർവേദ ഫാർമസി | 7 |

| | | | |
|---|---|---|---|
| 19. | ശാരദ, തോപ്പിൽ | തുണി കച്ചവടം | 8 |
| 20. | ബാവു .ഒ.എ, ഒലക്കോടൻ | പലചരക്ക് | 10 |
| 21. | ഫമി.കെ.ടി, ചേരപ്പറമ്പിൽ | സ്റ്റേഷനറി | 11 |
| 22. | രാജൻ.എം.ബി, മേലാപ്പിള്ളി | സ്വർണ്ണാഭരണ നിർമ്മാണം | 11 |
| 23. | മനോജകുമാർ, വടക്കേവീട്ടിൽ | അരിപ്പൊടി,ഗോതമ്പ്പൊടി | 11 |
| 24. | മിനി കുട്ടൻ, നെടുമ്പിള്ളി | ബേക്കറി | 12 |
| 25. | പ്രിൻസൺ | ഷിപ്പിംഗ് ഡോക്യുമെന്റേഷൻ | 14 |
| 26. | ദിനേഷ് ബാബു . കെ.വി, കീഴ്ഥാനപ്പറമ്പിൽ | ഫോട്ടോസ്റ്റാറ്റ് | 14 |
| 27. | ബെന്നി | ഫ്രോസൺ പാക്കറ്റ് മാംസം | 14 |
| 28. | ലിൻഡ സുധീർ, വടക്കേടത്ത് | ---- | 14 |
| 29. | ജോസഫ് ജോസ് | ചെമ്മീൻ, കൊഞ്ച് --വിൽപ്പന | 16 |

ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ളത് വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/13.09.23) മറുപടിയായി അക്കാര്യം പരിശോധിച്ച്, സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചു.

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017, ചട്ടം 3, 7 പട്ടിക I & II പ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

1-11 സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

1. കള്ള്ഷാപ്പുകൾ , റേഷൻകടകൾ , മാവേലിസ്റ്റോറുകൾ എന്നിവ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, മാവേലി

സ്റ്റോർ ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ് എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ അപേക്ഷകർ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും ഫാക്ടറി വ്യാപാര ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ആയതിൽ റേഷൻ കടകളും, കള്ളുഷാപ്പുകളും, മാവേലി സ്റ്റോറുകളും ഉൾപ്പെട്ടിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം.28/13.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനായി ഫീൽഡ്തല സന്ദർശനം നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഇറച്ചി കട ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക ഒന്നിലെ ക്രമ നം.85 പ്രകാരം മാംസം സംഭരിക്കൽ, വിൽപ്പന എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ 1996 കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചികടകളും) ചട്ടങ്ങൾ, ചട്ടം 38 പ്രകാരം ഇറച്ചിക്കട സ്ഥാപിക്കുന്നത് പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതാണ്.
ഫയൽ നം. 400744/GGR12/GPO/2023/1037 പ്രകാരം സാമ്പളൂർ പള്ളിക്ക് മുമ്പിൽ റോഡിനോട് ചേർന്ന് നടത്തപ്പെടുന്ന ഇറച്ചി കടക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടില്ലെന്നും ടി കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലായെന്നും മനസ്സിലാക്കുന്നു. ടി കടയുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ തുടർനടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/13.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 അഭിഭാഷകർ, വാഹന ഉടമകൾ,റേഷൻ വ്യാപാരികൾ തൊഴിൽ നികുതി അടവാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, അഭിഭാഷകർ, വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ എന്നിവർ തൊഴിൽ നികുതി അടവാക്കുന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം.5/ 5.09.23) മേൽപ്പറഞ്ഞവർ തൊഴിൽ നികുതി അടവാക്കുന്നില്ല എന്ന മറുപടി ആണ് ലഭ്യമാക്കിയത്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 എന്നീ വ്യവസ്ഥകൾ ബാധകമായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിടം ക്രമവൽക്കരണ അപേക്ഷ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

ഫയൽ നമ്പർ-1250/22/11.6.2022

ഓഡിറ്റ് എൻക്വയറി നമ്പർ - 31 /13.09.2023

839/3-10 സർവ്വെയിലെ നിലവിലെ കെട്ടിടത്തോടനുബന്ധിച്ച് നിർമ്മിച്ച് കെട്ടിടം ക്രമവൽക്കരിക്കുന്നതിനാണ് അപേക്ഷ നൽകിയത്. എന്നാൽ 839/3-10 സർവ്വെ നിലം ആയതിനാലും നിർമ്മിച്ച കെട്ടിടത്തിന് 184.22 എം2

വിസ്തീർണ്ണമുള്ളതിനാലും കെട്ടിടം ക്രമവൽക്കരിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി ആവശ്യമാണെന്നറിയിച്ച് ഉടമയായ ശ്രീ. ജിജോ ജോൺസൺ, ആലുക്ക, അന്നനാട് എന്ന വ്യക്തിക്ക് 30.7.22 ൽ 400744/BRRL01/GPO/22/1250/(5) നമ്പർ കത്ത് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ കെട്ടിടം ക്രമ വൽക്കരിക്കുന്നതുവരെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ എ വകുപ്പ് പ്രകാരം (നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുകയോ/താമസം തുടങ്ങുകയോ ഏതാണോ ആദ്യം പ്രസ്തുത തീയതി മുതൽ ആയത് പൊളിച്ചുമാറ്റുന്നതുവരെ വസ്തു നികുതി ചുമത്തേണ്ടതാണ്) നടപടി സ്വീകരിക്കാവുന്നതാണ്.

## 1-14 പെർമ്മിറ്റ് റദ്ദ് ചെയ്തത്-തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ശ്രീ ജോയ് പൈനാടത്ത് എന്ന വ്യക്തിയുടെ 282.31 എം2 താമസ/കമേഴ്സ്യൽ കെട്ടിടത്തിന് E -BA (206389)/23 തീയതി 22.6.2022 പ്രകാരം പെർമ്മിറ്റ് അനുവദിച്ചിരുന്നു. തുടർന്ന് കെട്ടിടം ഭാഗികമായി പൂർത്തീകരിച്ച് നമ്പർ ഇടുന്നതിനായി ടിയാൻ പഞ്ചായത്തിനെ സമീപിച്ച സമയത്ത് സമർപ്പിച്ച കൈവശാവകാശ രേഖയിൽ പട്ടയ ഭൂമി എന്ന് രേഖപ്പെടുത്തിയതിനാൽ വില്ലേജ് ഓഫീസർക്ക് കത്ത് നൽകുകയും ടി ഭൂമി താമസം/കൃഷി ആവശ്യങ്ങൾക്ക മാത്രമേ ഉപയോഗിക്കാനാകൂ എന്ന് മറുപടി ലഭിക്കുകയും ചെയ്തു. ആയതിനാൽ ടിയാന് നൽകിയ പെർമ്മിറ്റ് റദ്ദ് ചെയ്തിട്ടുണ്ട്. ഭാഗികമായി പൂർത്തീകരിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതിന് തുടർ നടപടി സ്വീകരിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ എ വകുപ്പ് പ്രകാരം (നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുകയോ/താമസം തുടങ്ങുകയോ ഏതാണോ ആദ്യം പ്രസ്തുത തീയതി മുതൽ ആയത് പൊളിച്ചുമാറ്റുന്നതുവരെ വസ്തു നികുതി ചുമത്തേണ്ടതാണ്) തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

## 1-15 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ ചേർക്കുന്ന തുകകൾ ക്രമീകരിച്ചിട്ടില്ല

1.വൗച്ചർ നമ്പർ-22200184/26.5.2022 ശുചിത്വ മിഷൻ മഴക്കാല പൂർവ്വ ശുചീകരണത്തിന് മെഡിക്കൽ ഓഫീസർക്ക് തനത് ഫണ്ടിൽ നിന്ന് 160000 രൂപ അനുവദിച്ചിരുന്നു. ഈ തുക ശുചിത്വ മിഷനിൽ നിന്ന് തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

2.സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് കരാറുകാരന്(ശ്രീ.ജോൺസൺ സി ജെ) മുൻകൂർ നൽകിയ തുകകൾ

A). വൗച്ചർ നമ്പർ-21900160/28.5.2019-56420 രൂ

B) വൗച്ചർ നമ്പർ-41900049/29.7.2019-128700 രൂ

C) വൗച്ചർ നമ്പർ-21900518/10.10.2019-35679 രൂ

മേൽ പ്രകാരം നൽകിയ തുകകൾ ക്രമീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തി നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. വൗച്ചർ നമ്പർ-22100446/27.8.2021 പ്രകാരം ഇലക്ഷനോട് അനുബന്ധിച്ച് ബൂത്ത് അറേഞ്ച്മെന്റിന് നൽകിയതിൽ ബാലൻസ് തുകയായ 6285 രൂപ ക്രമീകരിക്കുന്നതിന് റിട്ടേണിങ്ങ് ഓഫീസർക്ക് കത്ത് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ-14/7.9.23 )

## 1-16 ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

1. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി4 ൽ നീക്കിയിരിപ്പുള്ള താഴെ കൊടുക്കുന്ന തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നും വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടിയും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-13/7.9.2023) 320100999-other Liabilities എന്ന ഹെഡ്ഡിലെ തുകയായ

240690 രൂപ സംബന്ധിച്ച് പരിശോധന നടത്തിയെങ്കിലും ഏതിനത്തിലെ വരവാണെന്ന് കണ്ടെത്തുവാൻ സാധിച്ചില്ല എന്നും വിശദമായി പരിശോധിച്ച് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക ഏതിനത്തിലെ വരവാണെന്ന് കണ്ടെത്തേണ്ടതും വിനിയോഗിക്കാത്ത പക്ഷം ലഭ്യമാക്കിയ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

2. 320200399 - Other Purposes എന്ന ഹെഡ്ഡിലെ തുകയായ 75245 രൂപ പട്ടികജാതി വകുപ്പിൽ നിന്ന് എസ് സി ശ്മശാനം കടമ്പനാട്ട് എന്ന പദ്ധതിക്കായി അനുവദിച്ചതും (2015-16) പ്രസ്തുത പദ്ധതിക്ക് ചെലവഴിച്ച ശേഷം ബാലൻസ് വന്നതാണെന്നുമാണ് അറിയിച്ചത്. മേൽ തുക വിനിയോഗിക്കാത്ത പക്ഷം ലഭ്യമാക്കിയ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.
3) NRHM ബാലൻസ് 450000 രൂപയും, ശുചിത്വ മിഷൻ ഹെഡ്ഡുകളിലെ (320100181&320100198) ബാലൻസ് 1331599 രൂപയും ചെലവഴിക്കുന്നതിന് പദ്ധതി തയ്യാറാക്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വരവ് തുകകൾ വിനിയോഗിച്ചിട്ടില്ല

I- 9 OTHER INCOME -180900102 ൽ വരവ് വച്ചിട്ടുള്ള 700000 രൂപ നിറ്റ ജലാറ്റിൻ കമ്പനിയുടെ CSR ഫണ്ടിനത്തിൽ അങ്കണവാടി നിർമ്മാണത്തിന് പഞ്ചായത്തിന് ലഭ്യമായിട്ടുള്ളതാണ്.ഈ തുകയും I- 4 Road Restoration Charge - 140500209 എന്ന ഹെഡ്ഡിൽ വരവ് വച്ചിട്ടുള്ള 172953 രൂപയും (ജിയോ ടെലികോം ൽ നിന്ന് ലഭിച്ചത്) വിനിയോഗിച്ചതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-16/7.9.2023 ക്ക് മറുപടി ആയി CSR ഫണ്ടിനത്തിൽ പഞ്ചായത്തിന് ലഭ്യമായ തുകയിൽ 350000 രൂപ അങ്കണവാടി നിർമ്മാണത്തിന് ഉപയോഗിച്ചതായി അറിയിച്ചു.

Road Restoration Charge ഇനത്തിൽ ലഭിച്ച തുക റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വിനിയോഗിച്ചിട്ടില്ല എന്നും മറുപടി നൽകി. ലഭ്യമായ വരവ് തുകകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ആശുപത്രി മാനേജിങ്ങ് കമ്മിറ്റി കണക്കുകൾ ഹാജരാക്കിയിട്ടില്ല.

ആശുപത്രി മാനേജിങ്ങ് കമ്മിറ്റി കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടോ എന്ന എൻക്വയറിക്ക് (6/5.9.2023) ഹോമിയോ ഡിസ്പൻസറിയിൽ 29.2.2020 ന് ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാർഷികകണക്കുകൾ നാളിതുവരെ ഹാജരാക്കിയിട്ടില്ല എന്ന് അറിയിച്ചു. കാട്ടുകുറ്റി കുടുംബാരോഗ്യകേന്ദ്രത്തിലും 22.8.2007 ന് ആശുപത്രി മാനേജിങ്ങ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാർഷികകണക്കുകൾ നാളിതുവരെ ഹാജരാക്കിയിട്ടില്ല. ആയുർവേദ ഡിസ്പെൻസറിയുടെ കണക്കുകൾ കൃത്യമായി ഹാജരാക്കിയിട്ടുണ്ട്. വാർഷികകണക്കുകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് കണക്കുകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

## 1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

2022-23 വർഷം സെക്രട്ടറി നടപ്പിലാക്കിയ ഏതാനം പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം./പേര് | ബിൽ നം. | തുക | അപാകത |
|---|---|---|---|
